# ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം / സമയബന്ധിതം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 16.08.2023

നമ്പർ. എയുസി1/33601/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്-ആഭ്യന്തര പരിശോധനാ വിഭാഗം (എഞ്ചി.കോളേജ്)-ആഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള ന്യൂനത പരിഹാര റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം-സംബന്ധിച്ച്

സൂചന :- കേരള സർക്കാർ ധനകാര്യ വകുപ്പിൽ നിന്നുള്ള 01.08.2023 ലെ നം.2490959/ഐ.എ.സി.എ 3/27/2023/ധന, അർദ്ധ ഔദ്യോഗിക കത്ത്.

വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിന്നും ലഭിക്കുന്ന വകുപ്പ് തല ആഭ്യന്തര കണക്ക് പരിശോധനാ റിപ്പോർട്ടുകളിലെ തടസ്സ വാദ ഖണ്ഡികകളുടെ ന്യൂനതകൾ പരിഹരിച്ച് ന്യൂനത പരിഹാര റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതായും, ഒരു ആഭ്യന്തര പരിശോധനാ റിപ്പോർട്ടിൽ പരാമർശിക്കുന്ന എല്ലാ തടസ്സ വാദ ഖണ്ഡികകളുടെയും ന്യൂനതകൾ പരിഹരിക്കാതെയാണ് ന്യൂനത പരിഹാര റിപ്പോർട്ട് സമർപ്പിക്കുന്നതെന്നും, ഇക്കാരണത്താൽ ഒരു ആഭ്യന്തര പരിശോധനാ റിപ്പോർട്ടിലെ എല്ലാ തടസ്സ വാദ ഖണ്ഡികകളുടെയും ന്യൂനതകൾ പരിഹരിക്കുവാൻ ഒന്നിലധികം ന്യൂനതാ പരിഹാര റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടി വരുന്നതായും, അക്കാരണത്താൽ ഫയലുകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായും,ആയതിനാൽ ന്യൂനത പരിഹാര റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ ആഭ്യന്തര പരിശോധനാ റിപ്പോർട്ടിലെ എല്ലാ തടസ്സ വാദ ഖണ്ഡികകളുടെയും ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകുവാനും (കോടതി പരമർശമുള്ളവ ഒഴികെ) സൂചന പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ, സ്ഥാപന മേധാവികൾ മേൽ പറഞ്ഞ നിദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട്,സമയ ബന്ധിതമായി,ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

Ajithkumar SN
സീനിയർ ഫിനാൻസ് ആഫീസർ

സ്വീകർത്താവ്

1.വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും.(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി)
2.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Draft #3 of File AUC1/33601/23/DTE Approved by Senior Finance Officer on 16-Aug-2023 12:42 PM - Page 1

Approval Valid

Digitally Approved By
Ajithkumar SN
Date: 16.08.2023
Reason: Approved

Draft #3 of File AUC1/33601/23/DTE Approved by Senior Finance Officer on 16-Aug-2023 12:42 PM - Page 2

The document is digitally approved. Hence signature is not needed.